**POLICE** **DEPARTMENT**

**KERALA**


**No. H1-3135/2023/R(1)**
District Police Office,
Thrissur Rural
sptsrrl.pol@kerala.gov.in
04802823000

Dated. 09-07-2024

## അപ്പെൻഡിക്സ് എച്ച് 4

MDP [53(4) -ാം ഖണ്ഡിക നോക്കുക]

ശ്രീ. അനീഷ് കെ.എ, CPO 5759 എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ, താങ്കൾ 05.10.2022 തീയതി മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയും ആയതിന് യാതൊരുവിധ കാരണങ്ങളും ബോധിപ്പിക്കുകയോ രേഖകൾ സമർപ്പിക്കുകയോ ചെയ്യാതിരിക്കുകയും ചെയ്തതിലൂടെ താങ്കൾക്കെതിരെ, 11.02.2023 തീയതിയിലെ ഇതേ നമ്പറായ ഈ ഓഫീസ് ഉത്തരവ് പ്രകാരം 1958 ലെ കെ.പി.ഡി.ഐ.പി. & എ ചട്ടങ്ങൾ അനുശാസിക്കും വിധം ഒരു വാചികാന്വേഷണം ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം താങ്കളെ സേവനത്തിൽനിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും ആണ്.

മേൽ സാഹചര്യത്തിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് പതിനഞ്ച് ദിവസത്തിനകം താങ്കളുടെ രേഖാമൂലമുള്ള മറുപടി ഈ ഓഫീസിൽ ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ ഏകപക്ഷീയമായി അച്ചടക്ക നടപടി തീർപ്പാക്കുന്നതാണ്. അന്വേഷണ വിചാരണ പത്രികയുടെയും കാരണം കാണിക്കൽ നോട്ടീസിൻറെയും പൂർണ്ണ രൂപം ലഭിക്കുന്നതിനായി നിശ്ചിതസമയ പരിധിക്കുള്ളിൽ താങ്കൾ ഇരിഞ്ഞാലക്കുടയിലുള്ള (PIN 680125), തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ, ആഫീസ് പ്രവൃത്തി സമയത്ത് രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

Navneet

NAVNEET SHARMA IPS
District Police Chief

To : ശ്രീ. അനീഷ്. കെ എ, CPO 5759, കളത്തിൽ വീട്, ആനാപ്പുഴ പി.ഒ., തൃശ്ശൂർ ജില്ല.

പോലീസ് വകുപ്പ്

കേരളം

**No. H1-3135/2023/R**

ജില്ലാ പോലീസ് ഓഫീസ്,
തൃശ്ശൂർ റൂറൽ
sptsrrl.pol@kerala.gov.in
04802823000
തീയതി. 09-07-2024

## കാരണം കാണിക്കൽ നോട്ടീസ്

എച്ച്1/പിആർ 14 /2023/R

വിഷയം : അച്ചടക്ക നടപടി - ശ്രീ. അനീഷ്. കെ.എ, CPO 5759, എന്നയാൾക്കെതിരെ വാച്യാന്വേഷണം തീർപ്പാക്കുന്നത് - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്.

സൂചന: 1. ജി.ഒ (ആർ.റ്റി) നം. 1224/2012/ആഭ്യ. തിയതി 24.04.2012.

2. ജി.ഒ (ആർ.റ്റി) നം. 515/2013/ധന തിയതി 11.10.2013.

3. പോലീസ് ആസ്ഥാനത്തെ ഉത്തരവ് നം. ഇ6-157096/17 തിയതി 18.12.2017.

4. ജി.ഒ (പി) നം. 152/2020/ധന തിയതി 05.11.2020.

5. 30.12.2020 തീയതിയിൽ ധനകാര്യ(റൂൾസ് -ബി)വകുപ്പ് പുറപ്പെടുവിച്ച 83/2020/ധന. നമ്പറായ സർക്കുലർ.

6.ഈ ഓഫീസിലെ A5(b)-39998/2022/ആർ നമ്പറായ 30.12.2022 തിയതിയിലെ നോട്ടീസ്.

7. ഈ ഓഫീസ് ഉത്തരവ് നം. എച്ച് 1-3135/2023/ആർ തീയതി 11.02.2023.

8. 18.11.2023 തീയതിയിലെ നം.1/PR/K1/2023 നമ്പർ പ്രകാരം ചേർപ്പ് പോലീസ് ഇൻസ്പെക്ടർ സമർപ്പിച്ച പി ആർ മിനിറ്റ്സ്.

******

ശ്രീ. അനീഷ്. കെ.എ, CPO 5759, എന്ന നിങ്ങൾ, തൃശ്ശൂർ ജില്ലയിൽ ജോലി ചെയ്തു വരവേ, സൂചന 1 പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും തുടർന്ന് താങ്കളുടെ അപേക്ഷ പ്രകാരം 5 വർഷം കൂടി സൂചന 3 പ്രകാരം ശൂന്യവേതന അവധി നീട്ടി അനുവദിച്ചിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ 10 വർഷത്തെ ശൂന്യവേതന അവധി കഴിഞ്ഞ് 05.10.2022 തിയതിയിൽ താങ്കൾ ജോലിക്കായി ഹാജരാവുകയോ ജോലിക്ക് ഹജരാകാത്തതിനുള്ള കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ഇപ്രകാരം 05.10.2022 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന താങ്കൾ ആയതിനെ സംബന്ധിച്ച വിശദീകരണം നൽകുകയോ ജോലിയിൽ നിന്നു വിട്ടുനിന്ന കാലയളവ് നിയമാനുസരണം ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് സൂചന 6 -ലെ നോട്ടീസ് പ്രകാരം എത്രയും വേഗം ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നല്കിയിട്ടുള്ളതും താങ്കൾ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതുമാണ്. ശൂന്യവേതന അവധി അനുവദിക്കുന്ന സർക്കാർ ഉത്തരവിലും പോലീസ് ആസ്ഥാനത്തു നിന്നുള്ള ഉത്തരവിലും താങ്കൾ അവധി കാലയളവിനു ശേഷം ഹാജരായിലെങ്കിൽ അച്ചടക്കനടപടി സ്വീകരിക്കുമെന്ന് വ്യക്തമായി നിഷ്കര്ഷിചിട്ടുള്ളതാണ്.

അച്ചടക്കമുള്ള ഒരു സേനയിലെ ഉദ്യോഗസ്ഥൻ എന്ന നിലയിൽ, അനുവദിച്ച ശൂന്യവേതന അവധിയുടെ

കാലാവധി അവസാനിച്ചിട്ടും തിരികെ ഡ്യൂട്ടിക്ക് ഹാജരാവുകയോ യഥാവിധി വ്യക്തമായ കാരണം കാണിച്ചുകൊണ്ട് അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്ന പ്രവർത്തി ഗുരുതരമായ അച്ചടക്ക ലംഘനവും അനുസരണക്കേടുമാണെന്ന് പ്രഥമദൃഷ്ട്യാ വെളിവായിട്ടുള്ളതിനാൽ താങ്കൾക്കെതിരെ മേൽ ആരോപണങ്ങളെകുറിച്ച് 1958 ലെ കെ പി ഡി ഐ പി എ ചട്ടങ്ങളിലെ ആറാം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചേർപ്പ് പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് മേൽ സൂചന 7 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആരോപിക്കപ്പെട്ട കുറ്റങ്ങളെക്കുറിച്ച് വിശദമായ വാച്യാന്വേഷണം നടത്തി വായന 8 പ്രകാരം ചേർപ്പ് പോലീസ് ഇൻസ്പെക്ടർ അന്വേഷണ വിചാരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത അന്വേഷണ വിചാരണ റിപ്പോർട്ടും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ, നിങ്ങളിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ നിസ്സംശയം തെളിയുന്നുണ്ടെന്ന നിഗമനത്തിലാണ് അന്വേഷണോദ്യോഗസ്ഥൻ എത്തിച്ചേർന്നിരിക്കുന്നത്. അച്ചടക്ക സേനയിലെ ഉത്തരവാദിത്തപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിങ്ങളുടെ മേൽ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനവും അനുസരണക്കേടുമാണ്, ആയത് മുഴുവൻ പോലീസ് സേനയുടേയും അന്തസ്സിനും സൽപ്പേരിനും കോട്ടം വരുത്തുന്ന താണ്. ആയതിനാൽ അന്വേഷണോദ്യോഗസ്ഥന്റെ നിഗമനങ്ങളോട് പൂർണമായും യോജിച്ചുകൊണ്ട് നിങ്ങൾക്കെതിരെ തെളിഞ്ഞ കുറ്റങ്ങൾക്കുള്ള ശിക്ഷയായി നിങ്ങളെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ **(Removal from service)** ഞാൻ താൽക്കാലികമായി തീരുമാനിക്കുന്നു. എന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് തക്കതായ കാരണം എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ എന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

നവനീത് ശർമ്മ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ. അനീഷ് കെ. എ, CPO 5759 കളത്തിൽ വീട്, ആനാപുഴ പി.ഒ.,ന
എസ്.എച്.ഒ , കൊടുങ്ങല്ലൂർ മുഖാന്തിരം.

പകർപ്പ് : എസ്.എച്.ഒ, കൊടുങ്ങല്ലൂരിനു രണ്ടു പകർപ്പുകൾ ശ്രീ. അനീഷ്.കെ.എ, CPO 5759 നോ, അടുത്ത ബന്ധുകൾക്കോ നൽകുവാനായി അയക്കുന്നു. ഈ ഉത്തരവിൻറെ മറു പകർപ്പിൽ ടിയാൻറെയോ അടുത്ത ബന്ധുകളുടെയോ തിയതിയോടു കൂടിയ ഒപ്പ് സഹിതം തിരികെ അയക്കേണ്ടതാണ്.